ICDS B6/17929/15

സാമൂഹ്യ നീതി ഡയറക്ടറേറ്റ് (അനക്സ്),
സാമൂഹ്യ ക്ഷേമ ഭവൻ,
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 29-12-2015

# സർക്കുലർ

വിഷയം: സ്ാ.നീ.വ - ഐ.സി.ഡി.എസ് - അങ്കണവാടികൾക്ക് അവധി അനുവദിക്കുന്നത് - സംബന്ധിച്ച്

സർക്കാർ അവധി പ്രഖ്യാപിക്കുന്ന ദിവസങ്ങൾ അങ്കണവാടികൾക്ക് അവധി നൽകേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ട് വിവിധ തലങ്ങളിൽ നിന്നും അപേക്ഷകൾ ഈ കാര്യാലയത്തിൽ ലഭിക്കുന്നുണ്ട്.

ഐ.സി.ഡി.എസ് പദ്ധതി ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച് കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അങ്കണവാടികളിലൂടെ നൽകുന്ന സേവനങ്ങളിൽ ഒന്ന് മാത്രമാണ് പ്രീസ്കൂൾ വിദ്യാഭ്യാസം. 0-6 പ്രായ പരിധിയിലുള്ള കുട്ടികൾ, അമ്മമാർ, ഗർഭിണികൾ, മലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ കുട്ടികൾ, വയോജനങ്ങൾ എന്നിവർക്ക് സേവനം നൽകുന്ന സംയോജിത പദ്ധതിയാണ് ഐ.സി.ഡി.എസ്. അങ്കണവാടികൾ സാമൂഹിക വിഭവകേന്ദ്രങ്ങൾ കൂടിയാണ്. അങ്കണവാടികൾ വഴി നൽകുന്ന SNP ഒരു വർഷം 300 ദിവസം നൽകണമെന്ന് ഐ.സി.ഡി.എസ് പദ്ധതി വ്യവസ്ഥ ചെയ്യുന്നു. ജില്ലാ കളക്ടർമാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്ന പ്രാദേശിക അവധികൾ, പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാർ പ്രഖ്യാപിക്കുന്ന വിശേഷാൽ അവധികൾ എന്നിവ അങ്കണവാടികൾക്ക് ബാധകമാക്കിയാൽ അങ്കണവാടികളിലൂടെ ഗുണഭോക്താക്കൾക്ക് നൽകുന്ന സേവനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകും.

ഈ സാഹചര്യത്തിൽ ജില്ലാകളക്ടർ പ്രഖ്യാപിക്കുന്ന പ്രാദേശിക അവധികൾ, സർക്കാർ പ്രഖ്യാപിക്കുന്ന വിശേഷാൽ അവധികൾ എന്നിവ അങ്കണവാടികൾക്ക് ബാധകമാകുന്നതല്ല. എന്നിരുന്നാലും പ്രകൃതി

PDF processed with CutePDF evaluation edition www.CutePDF.com

ക്ഷോഭങ്ങളും മറ്റും മൂലം അവധി പ്രഖ്യാപിക്കുമ്പോൾ പ്രാദേശിക സാഹചര്യം അനുസരിച്ച് ജില്ലാകളക്ടർ, പ്രോഗ്രാം ആഫീസർ, സി.ഡിപി.ഒ എന്നിവരുടെ നിർദ്ദേശാനുസരണം അങ്കണവാടികളിൽ പ്രീസ്കൂളിന് മാത്രം അവധി അനുവദിക്കാവുന്നതാണ്. എന്നാൽ ഇതുമൂലം ഫീഡിംഗ് ഉൾപ്പെടെയുള്ള മറ്റ് അങ്കണവാടി പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നില്ലായെന്ന വിവരം ബന്ധപ്പെട്ടവർ ഉറപ്പു വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

എല്ലാ സി.ഡി.പി.ഒ മാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.